**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1424** **18-01-2021 - ൽ മറുപടിയ്ക്ക്**

**അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | പാറശാല നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി പട്ടയരഹിതരായ എത്ര ആളുകൾ ഉണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇതിൽ ഈ സർക്കാർ കാലയളവിൽ പ്രസ്തുത മണ്ഡലത്തിലെ എത്രപേർക്ക് പട്ടയം നൽകി എന്നുള്ള വിവരം വില്ലേജ് അടിസ്ഥാനത്തിൽ അറിയിക്കാമോ; ബാക്കിയുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നും അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ചുവടെ പറയും പ്രകാരം പട്ടയം നൽകിയിട്ടുണ്ട്. വെള്ളറട – 23 പേർക്കും, പരശുവയ്ക്കൽ - 38 പേർക്കും, കൊല്ലയിൽ - 1 ആൾക്കും, കുന്നത്തുകാൽ - 1 ആൾക്കും, അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയ വിതരണം നടത്തിയിട്ടില്ല. ടി പ്രദേശത്ത് സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. ആയതിൽ ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നെയ്യാർ റിസർവോയറിന് സമീപമുള്ള അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളിൽ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ പുരോഗതി അറിയിക്കാമോ; അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇവർക്ക് എന്നേക്ക് സ്ഥിരപട്ടയം നൽകാൻ കഴിയും എന്നും അറിയിക്കാമോ? | (സി) | അർഹരായവരെ കണ്ടെത്തി എൽ.എ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് വില്ലേജാഫീസുകളിൽ നടപടി സ്വീകരിച്ചു വരുന്നു. ഇറിഗേഷൻ, ഫോറസ്റ്റ് വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലമാകയാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ